പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1755 06.03.2017-ലെ മറുപടിക്ക്

## ബഹുനില ബസ് ടെർമിനലുകൾ

ചോദ്യം

ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. വിവിധ ഇടങ്ങളിൽ നിർമ്മിച്ചിട്ടുള്ള ബഹുനില ബസ് ടെർമിനലുകളിലേക്ക് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ മാറ്റുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കി തുടങ്ങിയോ; എങ്കിൽ എന്നു മുതലെന്ന് അറിയിക്കാമോ; | (എ) | കെ.റ്റി.ഡി.എഫ്.സിയുടെ ബസ് ടെർമിനൽ കോംപ്ലക്സുകളിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ആഫീസുകൾ പ്രവർത്തിപ്പിക്കാനുള്ള തീരുമാനത്തിന്റെ വെളിച്ചത്തിൽ ആഫീസ് ആവശ്യത്തിന് വാടകയ്ക്ക് സ്ഥലം ലഭ്യമാണെന്ന് കാണിച്ച് എഴുപത്തോളം സർക്കാർ ആഫീസ് മേലധികാരികൾക്ക് കത്ത് അയയ്ക്കുകയും പന്ത്രണ്ടോളം ആഫീസ് മേലധികാരികൾക്ക് സ്ഥലം ആവശ്യമാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വാടക നിബന്ധനകളും പ്ലാൻ, റേറ്റ് എന്നിവ ചേർത്ത് കത്ത് നൽകുകയുണ്ടായി. വാടക നിരക്ക് കുറച്ച് നൽകണമെന്ന അഭ്യർത്ഥന മാനിച്ച് കെ.റ്റി.ഡി.എഫ്. സി. ബോർഡ് തീരുമാനപ്രകാരം 12 വകുപ്പുകൾക്ക് കുറഞ്ഞ വാടക നിരക്കിൽ സ്ഥലം ലഭ്യമാണെന്നും രണ്ടാഴ്ച്ചയ്ക്കുള്ളിൽ വാടകക്കരാർ വച്ച് സ്ഥലം ഏറ്റെടുക്കേണ്ടതാണെന്നും 22.02.2017-ൽ വകുപ്പ് മേലാധികാരികളെ അറിയിച്ചിട്ടുണ്ട്. ഇപ്രകാരം അറിയിച്ചിട്ടുള്ള വകുപ്പുകൾ ആരും തന്നെ കരാർ വച്ച് സ്ഥലം ഏറ്റെടുത്തിട്ടില്ല. |
| (ബി) | വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന എത്ര സർക്കാർ ഓഫീസുകൾ ഇവയിൽ പ്രവർത്തനമാരംഭിച്ചു എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ടെർമിനൽ തിരിച്ച് വ്യക്തമാക്കാമോ ; | (ബി) | കെ.റ്റി.ഡി.എഫ്.സിയുടെ തമ്പാനൂർ, തിരുവല്ല, അങ്കമാലി, കോഴിക്കോട് ബസ് ടെർമിനൽ കോംപ്ലക്സുകളിൽ നാളിതുവരെ സർക്കാർ ആഫീസുകൾ ഒന്നും പ്രവർത്തനം ആരംഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | കൂടിയ വാടക നൽകി സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിച്ചിരുന്ന ഓഫീസുകൾ മാറ്റിയത് മൂലം പ്രതിമാസം ചെലവിനത്തിൽ എത്ര തുക ലാഭിക്കാനായി എന്നത് സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ? | (സി) | ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**